# ONLINE APPOINTMENT BOOKING AT GOVT AYURVEDA HOSPITALS & DISPENSARIES - USER MANUAL

**അപ്പോയിന്റ്മെന്റ് ഓൺലൈനായി ബുക്ക് ചെയ്യുന്നതിന് താഴെയുള്ള QR Code സ്കാൻ ചെയ്യുക**


**Prepared by:**

**DR MANESH KUMAR E**

I T Nodal Officer


Indian Systems of Medicine

# ONLINE APPOINTMENT BOOKING AT GOVT AYURVEDA HOSPITALS & DISPENSARIES – USER MANUAL


ഭാരതീയചികിത്സാവകുപ്പിന് കീഴിലുള്ള എല്ലാ ജില്ലാ ആയുർവേദ ആശുപത്രികളിലും, തെരഞ്ഞെടുക്കപ്പെട്ട മറ്റ് ആശുപത്രികളിലും ഡിസ്പെൻസറികളിലും പരീക്ഷണാടിസ്ഥാനത്തിൽ ഓൺലൈൻ അപ്പോയിന്റ്മെന്റ് ബുക്കിംഗ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററിന്റെ www.ors.gov.in എന്ന വെബ്സൈറ്റ് വഴിയാണ് ആയുർവേദ ആശുപത്രികളിലേയും ഡിസ്പെൻസറികളിലേയും ഓൺലൈൻ ബുക്കിംഗ് ചെയ്യേണ്ടത്.

ഓൺലൈൻ അപ്പോയിന്റ്മെന്റ് ബുക്കിംഗ് 10 സ്റ്റെപ്പുകളിലായി വളരെ എളുപ്പത്തിൽ ചെയ്യാവുന്നതാണ്.


1. www.ors.gov.in എന്ന സൈറ്റ് ഓപ്പണാക്കുക. ഹോംപേജിലുള്ള Book Appointment എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക.




2. തുടർന്ന് വരുന്ന പേജിൽ State എന്നതിൽ Kerala സെലക്റ്റ് ചെയ്യുക.




3. തുടർന്ന്, ഹോസ്പിറ്റലിന്റെ/ഡിസ്പെൻസറിയുടെ പേര് സെലക്ട് ചെയ്യുന്നതിനുള്ള പേജ് ഓപ്പണാകുന്നതാണ്. അതിൽനിന്നും അപ്പോയിന്റ്മെന്റ് ബുക്ക് ചെയ്യേണ്ടുന്ന ഹോസ്പിറ്റൽ തെരഞ്ഞെടുക്കുക.





Indian Systems of Medicine


**Type Hospital Name** എന്ന കോളത്തിൽ ആശുപത്രിയുടെ സ്ഥലപ്പേര് ടൈപ്പ് ചെയ്താൽ, ഹോസ്പിറ്റലിന്റെ പേര് എളുപ്പത്തിൽ സെലക്ട് ചെയ്യാവുന്നതാണ്.




4. തുടർന്ന് വരുന്ന പേജിൽ Select Consultation Mode എന്നതിൽ Appointment എന്ന ആദ്യത്തെ ഓപ്ഷൻ സെലക്ട് ചെയ്യുക. Appointment Status, Print Appointment Slip, Cancel Appointment എന്നിവയ്ക്കായി താഴെയുള്ള അതാത് ഓപ്ഷനുകൾ ഉപയോഗിക്കാവുന്നതാണ്.





5. Appointment Type എന്നതിൽ New Appointment സെലക്ട് ചെയ്യുക.



6. തുടർന്ന് വരുന്ന പേജിൽനിന്നും, നമുക്ക് കൺസൽട്ടേഷൻ ആവശ്യമുള്ള ഡിപ്പാർട്ട്മെന്റ് ഡ്രോപ്ഡൗൺ മെനുവിൽ നിന്നും സെലക്റ്റ് ചെയ്യുക.





7. തുടർന്ന്, Appointment Calendar ഓപ്പണാകുന്നതാണ്. അതിൽ നമുക്ക് അപ്പോയിന്റ്മെന്റ് ആവശ്യമുള്ള ദിവസത്തിൽ ക്ലിക്ക് ചെയ്യുക.




8. അപ്പോയിന്റ്മെന്റ് വിവരങ്ങൾ സൂചിപ്പിക്കുന്ന ഓൺസ്ക്രീൻ മെസേജ് വരുന്നതാണ്. അതിലെ Confirm ബട്ടണിൽ ക്ലിക്ക് ചെയ്യുക.





9. തുടർന്ന് ലോഗിൻ പേജ് ഓപ്പണാകുന്നതാണ്. അതിൽ Using Mobile Number എന്ന ഓപ്ഷൻ ഉപയോഗിക്കുക. താഴെ വരുന്ന കോളത്തിൽ നമ്മുടെ മൊബൈൽ നമ്പർ നൽകിയശേഷം താഴെയുള്ള **Get OTP** എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക.





OTP നൽകിയശേഷം താഴെയുള്ള Login ബട്ടണിൽ ക്ലിക്ക് ചെയ്ത് ലോഗിൻ ചെയ്യുക.





10. ലോഗിൻ പേജിലെ Register Member എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക. ഒരു മൊബൈൽ നമ്പറിൽ 6 അംഗങ്ങളെ വരെ ആവശ്യമെങ്കിൽ ആഡ് ചെയ്യാവുന്നതാണ്.




അപ്പോയിന്റ്മെന്റ് ബുക്ക് ചെയ്യുന്നതിനായി, തുടർന്നുവരുന്ന പേജിൽ ആദ്യം Select your residential state എന്നതിൽ Kerala സെലക്റ്റ് ചെയ്യുക.





ആയുഷ്മാൻ ഭാരത് ഹെൽത്ത് അക്കൗണ്ട് [ ABHA ] ഉണ്ടോ എന്ന ചോദ്യത്തിന് No കൊടുക്കുക. ABHA നമ്പർ ഉണ്ടെങ്കിൽ Yes കൊടുത്ത് പ്രൊസീഡ് ചെയ്യാവുന്നതാണ്.




അടുത്തതായി ABHA നമ്പർ ക്രിയേറ്റ് ചെയ്യണമോ എന്നുള്ള ചോദ്യം വരുന്നതാണ്. അതും No കൊടുത്ത് പ്രൊസീഡ് ചെയ്യുക. ABHA നമ്പർ ക്രിയേറ്റ് ചെയ്യണമെങ്കിൽ, Yes കൊടുത്താൽ ഇവിടെനിന്നും അതിന്റെ ലിങ്ക് ഓപ്പണാകുന്നതാണ്.




11.തുടർന്ന്, കൊടുക്കാനുള്ള പേജ് ഓപ്പണാകുന്നതാണ്. ഇവിടെ രോഗിയുടെ വ്യക്തിഗതവിവരങ്ങളാണ് നൽകേണ്ടത്. ഈ പേജിൽ പേര്, ജനനത്തീയ്യതി, മേൽവിലാസം, ജില്ല എന്നിവ നിർബന്ധമായും നൽകേണ്ടതാണ്.




ഇപ്രകാരം, വിവരങ്ങൾ നൽകിയശേഷം താഴെയുള്ള Submit ബട്ടണിൽ ക്ലിക്ക് ചെയ്യുന്നതോടെ അപ്പോയിന്റ്മെന്റ് ആയതായി ഓൺസ്ക്രീൻ മെസേജ് വരുന്നതാണ്. അപ്പോയിന്റ്മെന്റ് നമ്പർ, തീയ്യതി, മറ്റ് വിവരങ്ങൾ എന്നിവയെല്ലാം ഈ പേജിൽ കാണാവുന്നതാണ്.

**Appointment Confirmation Status**

**Name:** Miss GAYATHRI M
**Gender:** Female
**Department:** General Medicine
**Clinic:** General Clinic
Your Appointment ID **2210101700800001**
Your Appointment has been fixed on : **12/10/2022**

Congratulation!!! you have got Appointment, please give your feedback. and review.

Goto Homepage | Print

Print ഓപ്ഷനിൽ ക്ലിക്ക് ചെയ്ത്, അപ്പോയിന്റ്മെന്റ് സ്ലിപ് ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്.

Appointment No.

2210101700800001

**GOVT AYUR DISP CHADAYAMANGALAM**
**APPOINTMENT SLIP**

**Department Name : General Medicine**

| | | | |
|---|---|---|---|
| Appointment No. | **2210101700800001** | Appointment Date | **12/10/2022 (8 AM)** |
| Patient Name | **Miss GAYATHRI M** | | |
| Gender | Female | Age | 18 years |
| Contact Details | **Mobile No. :** 8848xxxxxx<br>**E-Mail Id :** NA | Request Mode | (WEB) |
| UHID | NA | | |
| Reporting Place | Room No :Main Building- Floor: Ground Floor-1 | | |

ഇതോടൊപ്പം തന്നെ, നമ്മുടെ മൊബൈലിലേക്ക് ബുക്കിംഗ് കൺഫർമേഷൻ സംബന്ധിച്ച മെസേജ് വരുന്നതാണ്.